## പ്രശ്നവും വീക്ഷണവും

/ ഇൽയാസ് മൗലവി

# ആർത്തവക്കാരിയുടെ ഖുർആൻ പാരായണവും പള്ളിപ്രവേശവും

*ചോദ്യം: ഞാൻ ഒരു ഖുർആൻ സ്റ്റഡിസെന്ററിലെ അധ്യാപികയാണ്. ക്ലാസിനിടയിൽ ചില ചോദ്യങ്ങൾ നേരിടേണ്ടി വരാറുണ്ട്. ആധികാരികമായി മറുപടി പറയേണ്ടവയാണ് അവയിൽ പലതും; വിശിഷ്യാ മുസ്‌ലിം സമുദായത്തിലെ വ്യത്യസ്ത ആശയക്കാരായ ധാരാളം സഹോദരിമാർ അതിൽ പങ്കെടക്കാറുള്ളതുകൊണ്ട്. ചില ചോദ്യങ്ങൾ:*

*1. ആർത്തവക്കാരിക്ക് ഖുർആൻ ഓതാമോ? സ്പർശിക്കാമോ?*
*2.ആർത്തവവേളയിൽ നമസ്കാരം പാടില്ല. എന്നാൽ ക്ലാസ്സുകൾ കേൾക്കാൻ പള്ളിയിൽ പോകാമോ?*

**ഒരു** മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം ദൈവിക ചിഹ്നങ്ങളെ ആദരിക്കേണ്ടതും ബഹുമാനിക്കേണ്ടതും അവന്റെ ഈമാനിന്റെയും തഖ്‌വയുടെയും ഭാഗമാണ്. ഇന്ന് നമ്മുടെ മുമ്പിൽ അവശേഷിക്കുന്ന ചിഹ്നങ്ങളിൽ ഏറ്റവും മഹത്തായതാണ് പരിശുദ്ധ ഖുർആൻ. അതിനാൽ പരിശുദ്ധ ഖുർആനെ സമീപിക്കുന്നത് അത് പഠിക്കാനാകട്ടെ പാരായണം ചെയ്യാനാകട്ടെ പൂർണ ശുദ്ധിയോടെയും ഭക്ത്യാദരവുകളോടെയും കൂടി ആയിരിക്കേണ്ടതാണ്. ഇതിൽ ആർക്കും തർക്കമുള്ളതായി അറിയില്ല. ഒരു വിശ്വാസി സദാ വുദൂ ഉള്ളവനും അത് സൂക്ഷിക്കുന്നവനുമായിരിക്കും. വിശ്വാസിയല്ലാതെ അത് കാത്ത് സൂക്ഷിക്കുകയില്ല എന്നാണ് തിരുമേനി പഠിപ്പിച്ചിട്ടുള്ളത്. ദൈനംദിന ജീവിതത്തിൽ ഉറങ്ങാൻ നേരത്ത്, ബാങ്ക് വിളിക്കാൻ, കുളിക്കും മുമ്പ്, സഅ്‌യ് നിർവഹിക്കാൻ തുടങ്ങിയ ഒരുപാട് സന്ദർഭങ്ങളിൽ വുദു അഭികാമ്യമാണെന്നിരിക്കേ പരിശുദ്ധ ഖുർആന്റെ കാര്യം പറയേണ്ടതില്ല.

ഈ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് തന്നെ ഇത്തരം വിഷയങ്ങളിലെ തീവ്ര നിലപാട് പരിശുദ്ധ ഖുർആന്റെ സന്ദേശം പ്രചരിക്കുന്നതിന് തടസ്സമാവുകയോ, അങ്ങനെ ആർക്കും അടുത്തു കൂടാൻ പറ്റാത്ത എന്തോ ഒന്നായി അത് കെട്ടിപ്പൂട്ടി വെക്കപ്പെടുകയോ, ഏതൊരുദ്ദ്യേശ്യാർഥം അത് അവതീർണമായോ ആ ഉദ്ദേശ്യം വിസ്മരിക്കപ്പെടുകയോ ചെയ്യാവതല്ല. ഖുർആനിൽനിന്ന് സമുദായം ബഹുദൂരം അകന്നുപോയ നിലക്ക് വിശേഷിച്ചും. അതിനാൽ ഖുർആൻ പഠിക്കാനും അത് ജീവിതത്തിൽ പ്രാവർത്തികമാക്കാനും ഉതകുന്ന എല്ലാ വേദികളും അവസരങ്ങളും പരമാവധി ആളുകൾക്ക് ഉപയോഗപ്പെടുത്താൻ കഴിയണം. ഈ രംഗത്ത് ഇസ്‌ലാം അനുവദിച്ച എല്ലാ ഇളവുകളും പരമാവധി ജനത്തിന് ലഭിക്കേണ്ടതുണ്ട്. ഇത്തരം രംഗങ്ങളിലേക്ക് വരാൻ പലരും ആശങ്കിക്കുന്നത്, ആ ഇളവുകളെപ്പറ്റിയോ ഇസ്‌ലാമിന്റെ വിശാല വീക്ഷണത്തെപ്പറ്റിയോ ധാരണയില്ലാത്തതുകൊണ്ടാണ്.

അത്രതന്നെ ഗൗരവമുള്ളതാണ്, ഇളവുകളും വിശാല സമീപനവും ഖണ്ഡിത പ്രമാണങ്ങളോട് ഏറ്റുമുട്ടുന്നതാവാൻ പാടില്ല എന്നതും. മാത്രമല്ല തെളിവുകളെയും പ്രമാണങ്ങളെയും, ആധികാരിക പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെയും പരിഗണിച്ചും മാനിച്ചും കൊണ്ടുള്ളതായിരിക്കണം ഇളവുകൾ എന്നുള്ളതും വളരെ പ്രധാനമാണ്.
ഇനി ചോദ്യത്തിലേക്ക് കടക്കട്ടെ.

ഋതുമതികൾക്ക് ഇത്തരം കാര്യങ്ങളൊന്നും പാടില്ല എന്നാണ് ഒരു വിഭാഗം പണ്ഡിതന്മാരുടെ

വീക്ഷണം. എന്നാൽ. ഇവയെല്ലാം അനുവദനീയമാണെന്നാണ് മറ്റൊരു വിഭാഗം പണ്ഡിതർ പറയുന്നത്. ഇരു വിഭാഗത്തിനും അവരുടേതായ തെളിവുകളും ന്യായങ്ങളുമുണ്ടെങ്കിലും രണ്ടാമത്തെ വിഭാഗത്തിന്റെ അഭിപ്രായം ഇക്കാലത്ത് തള്ളിക്കളയേണ്ടതല്ല.

1. *ആർത്തവക്കാരിയുടെ ഖുർആൻ പാരായണം*: ഇക്കാര്യത്തിൽ ഇരു വിഭാഗത്തിനും അവരുടേതായ തെളിവുകളും ന്യായങ്ങളും ധാരാളമുണ്ട്. അതിനാൽ ഒരു മുസ്‌ലിമിന് ഇതിലേത് നിരീക്ഷണം സ്വീകരിക്കാനും സ്വാതന്ത്ര്യമുണ്ട്. ഒരു കൂട്ടർ മറ്റു കൂട്ടരെ ആക്ഷേപിക്കുന്നതിനോ തങ്ങളുടെ വീക്ഷണമേ ശരിയുള്ളൂ എന്ന് ശഠിച്ച് മറ്റുള്ളവരെ അതിന് നിർബന്ധിക്കാനോ പഴുതില്ല.

ആർത്തവക്കാരിക്ക് ഖുർആൻ പാരായണമാവാം എന്നാണ് ഇമാം മാലികിന്റെ അഭിപ്രായം. ഇമാം ഇബ്നു തൈമിയ്യ, ഇമാം ശൗകാനി തുടങ്ങിയ പൗരാണിക പണ്ഡിതന്മാരുടെയും ശൈഖ് ഇബ്നു ബാസ്, ശൈഖ് അൽബാനി, ശൈഖ് ഖറദാവി തുടങ്ങിയ ആധുനിക പണ്ഡിതന്മാരുടെയും വീക്ഷണവും ഇതു തന്നെ.

ജനാബത്തുകാരനോ ഋതുമതിയോ ഖുർആനിൽ നിന്ന് ഒന്നും തന്നെ പാരായണം ചെയ്യാവതല്ല എന്ന ഇമാം അബൂ ദാവൂദ്, തിർമിദി, ഇബ്നുമാജ തുടങ്ങിയവർ റിപ്പോർട്ട് ചെയ്ത ഒരു ഹദീസാണ്, ഇതു പാടില്ല എന്ന് അഭിപ്രായപ്പെട്ടവരുടെ തെളിവ്. പക്ഷെ ഈ ഹദീസ് ദുർബലമായതിനാൽ തെളിവിന് കൊള്ളുകയില്ല. ദുർബലമായ ഹദീസുകൾ ഹലാൽ-ഹറാം തീരുമാനിക്കുന്നിടത്ത് അവലംബമല്ല എന്നത് സർവാംഗീകൃത തത്വമാണ്. ഈ ഹദീസ് ദുർബലമാണെന്ന് ഇമാം ബൈഹഖി വ്യക്തമാക്കിയിട്ടുണ്ട് (അസുനനുൽ കുബ്റാ 1/89). പരിശുദ്ധ ഖുർആന്റെ പാരായണത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ധാരാളം പ്രബലമായ പ്രമാണങ്ങൾ വന്നിട്ടുണ്ട്. അവിടെയൊന്നും ആർത്തവക്കാരിയെ മാറ്റി നിർത്തിയിട്ടില്ല, പാടില്ലെന്ന് കുറിക്കുന്ന ഹദീസാവട്ടെ തികച്ചും ദുർബലവുമാണ്. അക്കാര്യത്തിൽ ഹദീസ് വിശാരദന്മാർ ഏകാഭിപ്രായക്കാരുമാണ്. എന്നിരിക്കെ ആർത്തവക്കാരിക്ക് ഖുർആൻ പാരായണം ഹറാമാണെന്ന് വിധിക്കുന്നതിന് അടിസ്ഥാനമില്ല എന്നാണ് ഈ പണ്ഡിതന്മാരുടെയും ഇമാമുമാരുടെയും വാദം. കൂടാതെ വുദു ഇല്ലാത്ത അവസ്ഥയിൽ തിരുമേനി ഖുർആൻ പാരായണം ചെയ്തതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്, അബൂസലാം അൽ ഹബശി പറഞ്ഞു: തിരുമേനി (സ) മൂത്രമൊഴിക്കുകയും എന്നിട്ട് വുദൂ ചെയ്യുന്നതിന് മുമ്പായി ഖുർആനിൽ നിന്ന് അൽപം ഓതുകയും ചെയ്തത് ഞാൻ കണ്ടു എന്ന് ആ കണ്ട വ്യക്തി തന്നെ എന്നോട് പറഞ്ഞിട്ടുണ്ട് (അഹ്മദ്).

ശാഫീ മദ്ഹബുകാരനായ ഇമാം ബുഖാരി, ഇമാമുൽ മുഫസ്സിരീൻ ത്വബരി, ഇബ്നു മുൻദിർ തുടങ്ങിയ മഹാന്മാരായ ഇമാമുകളും സ്വഹാബി പണ്ഡിതനായ ഇബ്നു അബ്ബാസും താബിഈ പണ്ഡിതനായ ഇമാം സഈദു ബിനുൽ മുസയ്യിബുമെല്ലാം ഈ വീക്ഷണക്കാരാണ്. ആധുനിക കാലത്ത് ആരെങ്കിലും പ്രകടിപ്പിച്ച ഒറ്റപ്പെട്ട അഭിപ്രായമല്ല ഇതെന്ന് ചുരുക്കം.

2. *ഋതുമതി ഖുർആൻ സ്പർശിക്കൽ*:

സൂറത്തുൽ വാഖിഅ 79-ാം ആയത്തും 'ശുദ്ധിയുള്ളവരല്ലാതെ ഖുർആൻ സ്പർശിക്കരുത്' എന്ന ഹദീസും അടിസ്ഥാനമാക്കി ആർത്തവക്കാരിക്ക് മുസ്ഹഫ് സ്പർശിക്കാൻ പാടില്ല എന്ന് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇവിടെ ഉദ്ധരിക്കപ്പെട്ട ഹദീസ് പല വഴികളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, പക്ഷെ എല്ലാം തന്നെ ദുർബലമാണ്.

ഇനി ഇത് സ്വഹീഹാണെന്ന് വെച്ചാൽ തന്നെ 'ത്വാഹിർ' എന്നാണ് ഹദീസിലെ പദം. ശുദ്ധിയുള്ളവൻ എന്നാണതിന്റെ അർഥം. വിശ്വാസികളാണ് ഖുർആൻ കൈകാര്യം ചെയ്യേണ്ടത് എന്നല്ലാതെ വുദൂവില്ലാതെയോ, അശുദ്ധാവസ്ഥയിലോ ഖുർആൻ സ്പർശിക്കുന്നത് പാടില്ലെന്ന് ഈ ഹദീസ് കുറിക്കുന്നില്ല എന്നും അവർ അഭിപ്രായപ്പെടുന്നു. മുഅ്മിൻ ശുദ്ധിയുള്ളവനാണ്, അവൻ അശുദ്ധനാവുകയില്ല എന്ന് കുറിക്കുന്ന ഹദീസുകൾ വന്നിട്ടുണ്ട്. അവിശ്വാസിയിൽ നിന്ന് വ്യത്യസ്തമായി വിശ്വാസി സദാ ശുദ്ധിയുള്ളവനായിരിക്കുമെന്നാണ് അവ കുറിക്കുന്നത്. അതിലൊന്ന് ഇപ്രകാരമാണ്: ഒരിക്കൽ ജനാബത്തുകാരനായിരിക്കെ അബൂഹുറയ്റ(റ) മദീനയിലെ ഒരു വഴിയിൽ നബിയെ കാണുകയുണ്ടായി. ഉടനെ അദ്ദേഹം തിരുമേനിയുടെ മുമ്പിൽനിന്ന് ഒഴിഞ്ഞുപോവുകയും കുളിച്ച് ശുദ്ധിയായി വരികയും ചെയ്തു. തിരുമേനിയാകട്ടെ അദ്ദേഹത്തെ അന്വേഷിക്കുന്നുണ്ടായിരുന്നു. അദ്ദേഹം വന്നപ്പോൾ തിരുമേനി ചോദിച്ചു: 'അബൂഹുറയ്റാ താങ്കളെവിടെയായിരുന്നു?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, താങ്കളെന്നെ കണ്ട നേരത്ത് ഞാൻ ജനാബത്തുകാരനായിരുന്നു. കുളിച്ച് ശുദ്ധിയാകാതെ താങ്കളോടൊപ്പമിരിക്കാൻ ഞാനിഷ്ടപ്പെട്ടില്ല.' അപ്പോൾ തിരുമേനി പറഞ്ഞു: 'സുബ ഹാനല്ലാഹ്, മുഅ്മിൻ മലിനമാവുകയില്ല' (ബുഖാരി, മുസ്‌ലിം). ജീവിച്ചിരിക്കുമ്പോഴും മരിച്ചാലും മുസ്‌ലിം ത്വാഹിറായിരിക്കും എന്ന മൗലിക തത്വമാണ് ഈ ഹദീസ് പഠിപ്പിക്കുന്നതെന്ന് ഇമാം നവവി ശറഹു മുസ്‌ലിമിൽ വ്യക്തമാക്കുന്നു.

ഇനി ഖുർആൻ വചനമാകട്ടെ (ലാ യമസ്സുഹു ഇല്ലൽ മുത്വഹ്ഹറൂൻ-*അൽവാഖിഅ* 79) ഭാഷാപരമായും വാക്യഘടനയനുസരിച്ചും ഇവിടെ തെളിവാക്കാൻ നിർവാഹമില്ല. ശുദ്ധി വരുത്തിയവൻ എന്ന അർഥം കിട്ടണമെങ്കിൽ മുത്വഹ്ഹിർ എന്നോ മുതത്വഹ്ഹിർ

എന്നോ പറയണം. എന്നാൽ ഇവിടെയാകട്ടെ മുത്വഹ്ഹറൂൻ എന്നാണ് ഉള്ളത്. അതായത് പരിശുദ്ധമാക്കപ്പെട്ടവർ എന്നർത്ഥം. അപ്പോൾ ഇവിടെ ഉദ്ദേശ്യം മലക്കുകളാണ് എന്ന വീക്ഷണമാണ് പ്രബലം.

വാക്യഘടന നോക്കുമ്പോൾ (ഫീ കിതാബിൻ മക്നൂൻ) എന്നതിലേക്കാണ് സ്പർശിക്കുക എന്നതിലെ സർവനാമത്തിന്റെ ബന്ധം. അറബിഭാഷാ ഘടനയനുസരിച്ച് തൊട്ട് മുമ്പ് പറയപ്പെട്ടതിലേക്കാണ് സർവനാമങ്ങളുടെ സൂചന മടങ്ങേണ്ടത്. അങ്ങനെ നോക്കുമ്പോൾ ഖുർആൻ ഉൾപ്പെടെ സ്ഥിതികൊള്ളുന്ന മഹാഫലകമായ 'ലൗഹുൻ മഹ്ഫൂളി'നെപ്പറ്റിയും അവയെ കാക്കുന്ന മലക്കുകളെപ്പറ്റിയുമാണിവിടെ പരാമർശം എന്ന വീക്ഷണത്തിനാണ് കൂടുതൽ ബലമുള്ളത്. അല്ലാഹു തന്നെ മറ്റൊരിടത്ത് അത് വ്യക്തമാക്കിയിട്ടുണ്ട് (*അബസ*13-16). ഇങ്ങനെയുള്ള ന്യായങ്ങൾ നിരത്തിക്കൊണ്ട് ഋതുമതി മുസ്ഹഫ് സ്പർശിക്കുന്നത് ഹറാമാണെന്ന് പറയാൻ തക്ക സ്വീകാര്യയോഗ്യവും കുറ്റമറ്റതും വ്യാഖ്യാനപ്പഴുതില്ലാത്തതുമായ ഒരു തെളിവും ഇല്ല എന്നാണ് ഈ വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

അതിനാൽ പഠനാവശ്യത്തിനും മറ്റുമായി ഋതുമതികൾക്ക് മുസ്ഹഫ് ഉപയോഗിക്കുന്നതിന് വിരോധമില്ല എന്ന വീക്ഷണം ഒരാൾക്ക് സ്വീകരിക്കാവുന്നതാണ്. എങ്കിലും സൂക്ഷ്മതക്ക് വേണ്ടി തനി മുസ്ഹഫ് സ്പർശിക്കുന്നതൊഴിവാക്കാൻ പരിഭാഷയോ തഫ്സീറോ ഉള്ള ഗ്രന്ഥങ്ങൾ സ്പർശിക്കാമെന്നാണ് ചില ഫുഖഹാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നത്. അങ്ങനെ ചെയ്യുന്നതാണ് ഇത്തരം സഹോദരിമാർക്ക് കരണീയം. അവ ഇക്കാലത്ത് സുലഭമായിരിക്കെ പ്രത്യേകിച്ചും. പഠനാവശ്യം നടക്കുകയും അഭിപ്രായ വ്യത്യാസമില്ലാത്ത സമീപനം സ്വീകരിക്കലുമാവും അത്.

ക്ലാസ്സുകൾ ശ്രവിക്കാനായി ഋതുമതികൾക്ക് പള്ളിയിൽ പോകാമോ എന്ന ചോദ്യവും അഭിപ്രായ വ്യത്യാസമുള്ള കാര്യമാണ്. ഒരുപാട് പണ്ഡിതന്മാർ അതനുവദനീയമല്ലെന്ന് പറയുമ്പോൾ, മറ്റൊരു വിഭാഗം രക്തസ്രാവം തടയാനുള്ള ഭദ്രമായ തയാറെടുപ്പുകൾ ഉണ്ടെങ്കിൽ അതിന് തടസ്സമില്ല എന്ന് അഭിപ്രായപ്പെടുന്നു. ഇന്നത്തെ കാലത്ത് സുലഭമായ പാഡുകൾ ഉദാഹരണം. ശാഫീ മദ്ഹബിലെ ഇമാം മുസ്നി, ഇമാം ഇബ്നു ഹസ്മ്, ഇമാം ദാവൂദ് തുടങ്ങിയ പൗരാണിക പണ്ഡിതന്മാരും ശൈഖ് അൽബാനിയെ പോലുള്ള ആധുനിക പണ്ഡിതന്മാരും ഈ വീക്ഷണം പുലർത്തുന്നു. ഒരു റിപ്പോർട്ടനുസരിച്ച് ഇമാം അഹ്മദിനും ഇങ്ങനെ വീക്ഷണമുള്ളതായി കാണാം. പാടില്ല എന്ന് പറയുന്നവരുടെ ഏറ്റവും വലിയ തെളിവ് "ജനാബത്തുള്ളവനും ഋതുമതിക്കും ഞാൻ പള്ളി അനുവദിക്കുന്നില്ല." എന്ന ഹദീസാണ്. എന്നാൽ ഈ ഹദീസ് ദുർബലമായതിനാൽ തെളിവിന് കൊള്ളുകയില്ല എന്നാണ് അവരുടെ വീക്ഷണം. മാത്രമല്ല മുസ്‌ലിംകളല്ലാത്തവർക്ക് അവർ ആണാവട്ടെ പെണ്ണാവട്ടെ പള്ളിയിൽ പ്രവേശിക്കാമെന്ന് ബഹുഭൂരിപക്ഷം ഇമാമുകളും അംഗീകരിച്ചിട്ടുണ്ട്. എങ്കിൽ പിന്നെ മുസ്‌ലിം സ്ത്രീകൾക്ക് അവരെക്കാൾ മുൻഗണന ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതല്ലേ എന്നും അവർ ചോദിക്കുന്നു. തൽസംബന്ധമായി പ്രമാണികമായി സ്വീകാര്യയോഗ്യവും ഖണ്ഡിതവുമായ തെളിവുകൾ ഇല്ലാത്തതുകൊണ്ട് വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കും. അതിനാൽ ഓരോരുത്തർക്കും അവരവരുടെ മനസ്സിന് തൃപ്തിയാവുന്ന അഭിപ്രായങ്ങൾ സ്വീകരിക്കാവുന്നതാണ്. എതിരഭിപ്രായം സ്വീകരിക്കാനുള്ള മറ്റുള്ളവരുടെ അവകാശം വകവെച്ചു കൊടുക്കുകയും വേണം. ■